# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4107
## 2019 നവംബർ 12 ന് മറുപടി നൽകേണ്ടത്
### ബജറ്റിൽ നീക്കിവച്ച തുക ഉപയോഗിച്ചുള്ള പദ്ധതികൾ

| ക്രമ നം. | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | മറുപടി<br>ഡോ.റ്റി. എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | 2018-19 വർഷത്തെ ബഡ്ജറ്റിൽ 20% തുക നീക്കി വെച്ച കോട്ടയ്ക്കൽ മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാം; | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2018-2019 സാമ്പത്തിക വർഷത്തെ ബജറ്റിൽ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കീഴിൽ 1 കോടി രൂപയും നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ബജറ്റിൽ 20% തുക നീക്കിവെച്ച പദ്ധതികളുടെ വിശദാംശങ്ങൾ 'ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II വാല്യം-II ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇരിമ്പിളിയം വില്ലേജ് നിർമ്മാണം പദ്ധതി 'Rebuild Kerala Initiative' പദ്ധതിയിൽ ഉൾപ്പെടുത്തു-ന്നതിനുള്ള പുതുക്കിയ ശിപാർശ റവന്യു വകുപ്പ് പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ബഡ്ജറ്റിൽ 20% തുക നീക്കി വെച്ച ഇരിമ്പിളിയം വില്ലേജ് നിർമ്മാണത്തിന്റെ പ്രൊപ്പോസൽ റവന്യു വകുപ്പിൽ എത്തിയിട്ട് ഭരണാനുമതി ലഭ്യമായിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ; | |
| (സി) | ഈ വിഷയത്തിൽ ധനകാര്യവകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | |

അക്കൗണ്ട്സ് ഓഫീസർ